*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/1/DGE-HSE/2024* *28/05/2024*

# സർക്കുലർ

**വിഷയം: ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനം-2024 ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരണം:പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

2024-25 പ്ലസ്സ് വൺ ഏകജാലക പ്രവേശനത്തിൻെറ ട്രയൽ അലോട്ട്മെൻറ് റിസൾട്ട് 2024 മേയ് 29 ന് രാവിലെ 10 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രോസ്പക്ടസ് മാനദണ്ഡങ്ങൾ അനുസരിച്ച് സാധുതയുള്ള അപേക്ഷകളും ഓപ്ഷനുകളുമാണ് അലോട്ട്മെൻറിനായി പരിഗണിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിൻെറ അഡ്മിഷൻ ഗേറ്റ്‌വേ ആയ **www.admission.dge.kerala.gov.in** എന്ന വെബ്സൈറ്റിലെ **"Click for Higher Secondary Admission"** എന്ന ലിങ്കിലൂടെ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ (https://www.hscap.kerala.gov.in/) പ്രവേശിച്ച് Candidate Login-SWS എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ Trial Results എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് ട്രയൽ റിസൾട്ട് പരിശോധിക്കാവുന്നതാണ്.

**ട്രയൽ അലോട്ട്മെൻറ് പ്രവർത്തനങ്ങൾ 2024 മേയ് 25 ന് വൈകിട്ട് തന്നെ ആരംഭിച്ചതിനാൽ മേയ് 27 ന് പ്രസിദ്ധീകരിച്ച എസ്.എസ്.എൽ.സി റീ-വാലുവേഷൻ റിസൾട്ട് ട്രയൽ അലോട്ട്മെൻറിൽ പരിഗണിച്ചിട്ടില്ല. എസ്.എസ്.എൽ.സി റീ-വാലുവേഷനിലൂടെ ഗ്രേഡ് വ്യത്യാസം വന്നിട്ടുള്ള അപേക്ഷകളിൽ ഒന്നാമത്തെ അലോട്ട്മെൻറിൽ വ്യത്യാസം വന്ന ഗ്രേഡ് ഉൾപ്പെടുത്തുന്നതായിരിക്കും. മറ്റ് സ്കീമുകളിൽപ്പെട്ട എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച് .എസ്.എൽ.സി തുടങ്ങിയ അപേക്ഷകർ ട്രയൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷമുള്ള തിരുത്തലിൻെറ അവസരത്തിൽ മാറ്റം വന്ന ഗ്രേഡ് ഉൾപ്പെടുത്തേണ്ടതാണ്.**

സ്കൂളുകളിലേയ്ക്കുള്ള ട്രയൽ അലോട്ട്മെൻറ് ലിസ്റ്റുകൾ ഇതേ വെബ്സൈറ്റിൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്.സ്കൂളിലേക്കുള്ള ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് സീറ്റ്മെട്രിക്സ് പ്രകാരം തന്നെയാണെന്ന് പരിശോധിച്ച്

ഉറപ്പാക്കേണ്ടതും ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ സത്വരമായി ഐ.സി.റ്റി. സെല്ലിൽ അറിയിക്കേണ്ടതുമാണ്.

**2024 മേയ് 31 ന് വൈകിട്ട് 5 മണിവരെ** അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാവിവരങ്ങളിലുള്ള എല്ലാവിധ തെറ്റുകളും തിരുത്തുന്നതിനുള്ള അവസാന അവസരമാണിത്. എന്നാൽ **ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാൻ ഉപയോഗിച്ച വിവരങ്ങൾ ഒന്നും തന്നെ തിരുത്തുവാനോ മാറ്റം വരുത്തുവാനോ സാധിക്കുകയില്ല.** എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ ക്യാൻഡിഡേറ്റ് ലോഗിനിലെ Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ /ഉൾപ്പെടുത്തലുകൾ **2024 മേയ് 31 ന് വൈകിട്ട് 5 മണിക്കുള്ളിൽ നടത്തി ഫൈനൽ കൺഫർമേഷൻ ചെയ്യേണ്ടതുമാണ്.** 2024 മേയ് 25 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ ഫൈനൽ കൺഫർമേഷൻ നൽകാതിരുന്ന അപേക്ഷകർക്ക് ഈ അവസരത്തിൽ ഫൈനൽ കൺഫർമേഷൻ നടത്തി അപേക്ഷകൾ അന്തിമമായി സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പരിശോധിക്കുന്നതിനും അപേക്ഷയിൽ തിരുത്തലുകൾ/ഉൾപ്പെടുത്തലുകൾ നടത്തുന്നതിനും വേണ്ട സാങ്കേതിക സഹായം സ്കൂൾ ഹെൽപ്പ് ഡെസ്കുകളിലൂടെ ചെയ്ത് കൊടുക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**